# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 698</u> <u>11.07.2016-ൽ മറുപടിയ്ക്ക്</u>

## ബി.എം. & ബി.സി. സാങ്കേതികവിദ്യയിൽ ടാർ ചെയ്യുന്ന റോഡുകളുടെ ഗ്യാരണ്ടിക്കാലാവധി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി വീണാ ജോർജ്ജ്** | **ശ്രീ.ജി.സുധാകരൻ**<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കിലോമീറ്ററിന് ഒരു കോടി രൂപ മുതൽമുടക്കി ബി.എം.&ബി.സി. സാങ്കേതികവിദ്യയിൽ ടാർ ചെയ്യുന്ന റോഡുകളുടെ ഗ്യാരണ്ടി ക്കാലാവധി 5 വർഷമെങ്കിലും ആയി ഉയർത്താൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ ? | (എ) നിലവിൽ ബി.എം. & ബി.സി. ഉപയോഗിച്ച് ഉപരിതലം പുതുക്കുന്ന വർക്കുകൾക്ക് ഗ്യാരണ്ടി പിരീഡ് 3 വർഷമായാണ് 31.08.2013-ലെ ജി.ഒ.(എം.എസ്) നം.73/2013/പൊ.മ.വ. പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയ ത്തിന്റെ നിലവിലുള്ള മാനദണ്ഡ പ്രകാരവും ദേശീയപാതയിൽ റോഡുകളുടെ ഉപരിതലം 40 മി.മീറ്ററിൽ കൂടുതൽ കനത്തിൽ ബി.എം. & ബി.സി. ഉപയോഗിച്ച് റീസർഫസിംഗ് നടത്തുമ്പോൾ കരാറുകാരനുറപ്പാക്കേണ്ട ഗ്യാരണ്ടി കാലാവധി (ഡിഫക്ട് ലയബിലിറ്റി പീരീഡ്) 3 വർഷമാണ്. കേന്ദ്ര മാനദണ്ഡം നിലവിലിരിക്കുന്ന സാഹചര്യത്തിൽ ഗ്യാരണ്ടി കാലാവധി 5 വർഷമാക്കുന്ന കാര്യം പരിഗണിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. എന്നാൽ 5 വർഷം ആക്കുവാൻ കേന്ദ്ര മന്ത്രാലയത്തെ അറിയിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**